**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3600** **05-08-2021 - ൽ മറുപടിയ്ക്ക്**

**കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം നൗഷാദ് ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ എം രാജഗോപാലൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഫാക്ടറികളുടെ നവീകരണവും യന്ത്രവൽക്കരണവും നടത്തുന്നതിലേയ്ക്കായി കഴിഞ്ഞ സർക്കാർ തുടങ്ങിവെച്ച പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്നറിയിക്കാമോ; | (എ) | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഭാഗിക യന്ത്രവൽക്കരണം എന്നിവയ്ക്കായി കഴിഞ്ഞ സർക്കാർ അനുവദിച്ച് നൽകിയ തുക വിനിയോഗിച്ച് ഭാഗിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഇവർക്കാ- വശ്യമായ ഡൈനിംഗ്ഹാൾ, ഡ്രെസ്സിംഗ് റൂം, വായനാമുറി ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസി നേറ്ററുകൾ ഘടിപ്പിച്ച ടോയ്‌ലെറ്റ് ബ്ലോക്കുകൾ അന്തരീഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.റ്റി.വി സർവയിലൻസ് ക്യാമറകൾ, ചുമട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ടെക്കുകൾ, ഷെഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമ്മൽ സിസ്റ്റം തൊഴിലാളികളുടെ കട്ടികൾക്ക് ആവശ്യമായ തൊട്ടിൽപ്പുര എന്നീ നവീകരണ യന്ത്രവൽക്കരണ പ്രവർത്തികളാണ് കഴിഞ്ഞ സർക്കാർ കശുവണ്ടി വികസന കോർപ്പറേഷനിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. |
| (ബി) | റിക്വസിഷൻ ആന്റ് അക്വിസിഷൻ ആക്റ്റ് പ്രകാരം ഏറ്റെടുത്തിട്ടുള്ള ഫാക്ടറികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) ആക്ട് 1974 പ്രകാരം ഏറ്റെടുത്തിട്ടുള്ളതും, കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) അമന്റ്മെന്റ് ആക്ട് 2009-ലെ ഷെഡ്യൂൾ 2 ൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ 20 കശുവണ്ടി ഫാക്ടറികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ആക്റ്റ് അനുസരിച്ച് ദീർഘനാളായി ഏറ്റെടുത്ത ഫാക്ടറികൾക്ക് ന്യായവില നൽകി അവ സ്വന്തമാക്കുകയോ ഉടമയ്ക്ക് തിരികെ നൽകുകയോ ചെയ്യണമെന്ന ബഹു. സുപ്രീം കോടതി ഉത്തരവ്വ നടപ്പാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | കേരള കാഷ്യൂ ഫാക്ടറീസ് (അക്വിസിഷൻ) ആക്ട് പ്രകാരം കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഏറ്റെടുത്ത 20 കശുവണ്ടി ഫാക്ടറികൾക്ക് ന്യായവില നൽകി സ്വന്തമാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത 20 ഫാക്ടറികളിൽ 12 ഫാക്ടറികൾ (നം.32-കാഞ്ഞാംകാട്, 34-ചെങ്ങമനാട്, 33-കടയ്ക്കൽ, 30-കുന്നത്തൂർ, 20-ഇളമ്പള്ളൂർ, 7-നൂറനാട്, 24-കരിമുളയ്ക്കൽ, 26-തെറ്റിക്കുഴി, 14-ഭരണിക്കാവ്, 9-കിളിമാനൂർ, 5-മൈനാഗപ്പള്ളി, 12-ചാത്തന്നൂർ) തിരികെ വിട്ട് കിട്ടണമെന്ന് ആവശ്യപ്പെട്ട്, അക്വിസിഷൻ ആക്ട് ചലഞ്ച് ചെയ്തു കൊണ്ട് ഉടമകൾ സമർപ്പിച്ച റിട്ട് പെറ്റിഷനുകൾ നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No. | Reg. No, Factory No. & Name of the Factories | Name and address of the Owner | Date of taken over |
|---|---|---|---|
| 1 | No. AP. 10<br>Fy.No.4, Krishnapuram, Kayamkulam | Shri.S.Ramachandra Nayak<br>23-2002,<br>Kadari Temple Road,Mangalore | 1.3.71 |
| 2 | No. KU. 2<br>Fy.No.5,<br>Mynagappally,Karunagappally, | Smt. K.Devayani Amma<br>Nalanda,Jupiter Cashew Co.,<br>Kochupilammoodu<br>Kollam-691001 | 15.3.71 |
| 3 | No. K.T. 72<br>Fy.No.7, Nooranadu, | T.G. Walter,<br>Mammikunnu Bunglow<br>Kochupilamoodu,Mundakkal<br>Kollam | 11.5.71 |
| 4 | No. K.U 78<br>Fy.No.8, Puthoor, Kollam, | S.Ramachandra Nayak<br>23-2002, Kadari Temple Road,<br>Mangalore | 12.5.71 |
| 5 | No. Q. 1<br>Fy.No.9, Kilimanoor, Trivandrum, | Smt. K.Devayani Amma<br>Nalanda,Jupitor Cashew Co.<br>Kochupilammood,<br>Kollam-691 001 | 3.6.71 |
| 6 | No. KU. 64<br>Fy.No.11, Edamulakkal, Anchal, Kollam, | M/s. Ramsons & Co.<br>Kilikolloor,Kollam –4 | 14.4.71 |
| 7 | No. Q.55<br>Fy.No.12, Chathannoor, Kollam. | Badarudheen Musaliar<br>Kandamchalil house<br>Kilikolloor, Kollam-4 | 16.8.71 |
| 8 | No. KU. 36<br>Fy.No.14, Bharanicavu, Kollam, | Smt. Umaiban beevi<br>Kambikettil Veedu,<br>Kilikolloor, Kollam-4 | 9.2.72 |
| 9 | No. KU. 41<br>Fy.No.16, Athinadu,<br>Karunagappally, Kollam | Smt. B. Leela,<br>Padmalayam, Uliyakovil, Kollam | 7.2.72 |
| 10 | No. KU 53<br>Fy.No.20, Elampalloor,<br>Kollam, | K.Moideen kunju & Sons<br>Kuthirapanthiyil Bunglow,<br>Thevally, Kollam | 14.2.72 |
| 11 | No. KU .70<br>Fy.No.22, Nedumpaikulam, Kollam, | K. Suresh<br>Managing Partner,<br>Shanmughavilas, Kilikolloor, Kollam | 28.2.72 |
| 12 | No. KU. 71<br>Fy.No.24, Karimulakkal,<br>Kayamkulam, | T.G. Walter,<br>Mammikunnu Bunglow,<br>Kochupilammoodu, Mundakkal, Kollam | 18.5.72 |

| | | | |
|---|---|---|---|
| 13 | No. Ku.88<br>Fy.No.26, Thettikuzhi, Kollam | Smt.Ummasalummal,<br>Kuruttazhikathu Veedu<br>Manakad,Vadakkevila,<br>Kollam | 11.3.74 |
| 14 | NO. Q. 95<br>Fy.No.27, Eravipuram, Kollam. | M/s. Ramsons & Co.,<br>Kilikolloor<br>Kollam-4<br>-do- D. Sumathy | 13.3.74 |
| 15 | No Q. 96<br>Fy.No.28, Parippally, Kollam, | M/s. Ramsons & Co.,Kilikolloor<br>Kollam-4 | 13.3.74 |
| 16 | No. KU. 86<br>Fy.No.29, Paruthumpara,Kollam, | M/s. M.P.Govindan & Sons, Kilikoll`oor,<br>Kollam-4 | 11.3.74 |
| 17 | No. KU.158<br>Fy.No.30, Kunnathoor, Kollam, | G.Bhanu Asan<br>Vishnu Nivas,Pattathanam, Kollam<br>Present: Sushamma<br>Seetharam, Ancharadil House,<br>Pattathanam, Kollam | 21.3.74 |
| 18 | No. Q. 31<br>Fy.No.32, Kanjamkadu, Kollam. | Smt. Rajeswari, W/O Govindaraja-<br>Reddiyar,Raji Nivas, NANR<br>Compund,Main Road, Kollam | 23.3.74 |
| 19 | No. Q. 243<br>Fy. No.33, Kadakkal, | Smt. B.Jalajakumari, Bhaskara, Temple<br>Lane, Medical College P.O, Ulloor,<br>Trivandrum | 29.4.74 |
| 20 | No. KU. 9<br>Fy.No.34,<br>Chengamandu,Kottarakkara, Kollam | Smt. Rajeswari,<br>W/o. Govindaraja Reddiyar, Raji Nivas,<br>N.A.N.R. Compound, Main Road, Kollam | 13.6.74 |